**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 101** **23-08-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മധു വധക്കേസ് സാക്ഷികളുടെ കൂറുമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അട്ടപ്പാടി മധു വധക്കേസിൽ സാക്ഷികളായ മുക്കാലി ഫോറസ്റ്റ് സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥനും വനം വകുപ്പ് വാച്ചറും കൂറുമാറിയ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാണുന്നുണ്ട്. കൂറുമാറിയ സാക്ഷികളെ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷനെതിരെ മൊഴി നല്കിയതിനെത്തുടർന്ന് ഫോറസ്റ്റ് വകുപ്പിൽ താൽക്കാലിക വാച്ചർമാരായി ജോലി ചെയ്തിരുന്ന മൂന്നു പേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. |
| (ബി) | മജിസ്ട്രേറ്റിന്റെ മുൻപിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയവർ പോലും കൂറുമാറുന്ന സംഭവം പ്രോസിക്യൂഷന്റെ വീഴ്ചകൊണ്ടാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | സാക്ഷികൾ കൂറുമാറിയത് പ്രോസിക്യൂഷന്റെ വീഴ്ച കൊണ്ടല്ല. |
| (സി) | മജിസ്ട്രേറ്റിന്റെ മുൻപിൽ നൽകിയ 164 സ്റ്റേറ്റ്മെന്റിന് വിരുദ്ധമായ മൊഴി വിചാരണ വേളയിൽ നൽകി കൂറുമാറിയ സാക്ഷികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും ഐ. പി. സി. 193 വകുപ്പ് പ്രകാരം കേസ് എടുക്കാനും നടപടികൾ സ്വീകരിക്കുമോ? | (സി) | വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെ തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡി.വൈ.എസ്.പി പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹു. കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി ബഹു. കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹു. കോടതി 20/08/2022 ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സാക്ഷികൾ കൂറുമാറിയത് സംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹു. പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേതുടർന്ന് ബഹു. കോടതി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും |

| | | | |
|---|---|---|---|
| | | | പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകിവരുന്നുണ്ട്.<br><br>പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം, കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് മണ്ണാർക്കാട്, പട്ടിക ജാതി- പട്ടിക വർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതുമാണ്. ഈ കേസിലെ പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ